**നമസ്കാരം,**
**മയ്യിത്ത് പരിപാലനം.**
**രീതികളും പ്രാർഥനകളും.**

---

ഏകദൈവത്തിൻെറ സൃഷ്ടികളിൽ പ്രധാനപ്പെട്ട രണ്ട് വിഭാഗങ്ങളാണ് ജിന്നുകളും മനുഷ്യരും. അവ രണ്ടിനെയും എന്തിനുവേണ്ടി സൃഷ്ടിച്ചുവെന്ന് ഏകദൈവം ഇങ്ങനെ വ്യക്തമാക്കുന്നു:

*"ജിന്നുവർഗത്തെയും മനുഷ്യവർഗത്തെയും എനിക്ക് ആരാധനയർപ്പിക്കാനല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല."* (ഖുർആൻ, 51:56)

സ്രഷ്ടാവായ ഏകദൈവത്തിൽ വിശ്വസിച്ചും അവനെ മാത്രം ആരാധിച്ചും അവനോട് മാത്രം പ്രാർഥിച്ചും ജീവിക്കാൻ എല്ലാ മനുഷ്യരും ബാധ്യസ്ഥരാണ്. ഏതെങ്കിലും വർഗാടിസ്ഥാനത്തിലുള്ള നിർണയമല്ല അത്. മൊത്തം മനുഷ്യരൊടുള്ള നിർദ്ദേശമാണ്. ആ നിർദ്ദേശമനുസരിച്ച് ജീവിക്കുന്നവനു മാത്രമേ ഐഹികക്ഷേമവും പാരത്രിക മോക്ഷവും ലഭിക്കുകയുള്ളൂ.

ഏകദൈവം പല ആരാധനാരീതികളും മനുഷ്യർക്ക് നിർണയിച്ചുകൊടുത്തിട്ടുണ്ട്. അവയിൽ പ്രധാനമത്രെ നമസ്കാരം.

ഒരു ഏകദൈവവിശ്വാസി തൻെറ സ്രഷ്ടാവുമായി നടത്തുന്ന അഭിമുഖമാണ് നമസ്കാരം. അതിലൂടെയാണ് അവൻ തൻെറ ഒരു ദിനം ആരംഭിക്കുന്നതും യജമാനനുമായുള്ള ബന്ധം പുതുക്കുന്നതും. അവനോടുള്ള തൻെറ വിധേയത്വം പ്രഖ്യാപിക്കുന്നതും അതിലൂടെതന്നെയാണ്. ഉപരി, അവനെ സംബന്ധിച്ച സ്മരണ സദാ മനസ്സിൽ നിലനിറുത്തുന്നതും പ്രസ്തുത ആരാധനാകർമങ്ങൾ മനുഷ്യനെ സഹായിക്കുന്നു.

## എന്താണ് നമസ്കാരം?

"അസ്സ്വലാത്ത്" എന്നാണ് നമസ്കാരത്തിൻെറ അറബിപദം. പ്രാർഥന എന്നത്രെ ഭാഷാപരമായി അതിൻെറ അർഥം. നിർണിതവും കൃത്യവുമായ രീതിയിൽ ഖുർആനും മറ്റു പ്രാർഥനകളും ഉരുവിട്ടുകൊണ്ടുള്ള അനുഷ്ഠാനമാണത്.

മനുഷ്യൻ എല്ലാ തെറ്റുകുറ്റങ്ങളിൽനിന്നും ചീത്ത കർമങ്ങളിൽനിന്നും സംസ്കൃതനായി, തൻെറ യജമാനനായ ഏകദൈവത്തെ സംബന്ധിച്ച സ്മരണ മനസ്സിൽ നിലനിറുത്തി, താനും അവനും തമ്മിലുള്ള ബന്ധം സുദൃഢമാക്കി അവൻെറ ഇഷ്ടദാസനായി ജീവിക്കുകയത്രെ നമസ്കാരം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

തൻെറ നമസ്കാരത്തിലൂടെ ഒരാൾ ഏകദൈവത്തോടുള്ള ഭക്തിയും വിധേയത്വവും സമർപ്പ ണവും അടിമത്തവുമൊക്കെയാണ് പ്രകടിപ്പിക്കുന്നത്. നമസ്കാരത്തിലുപരി അതിനു യോജിച്ച ഒരു രീതി വേറെയില്ല. അതിനാലാണ് ഏകദൈവവിശ്വാസിയുടെ അടിസ്ഥാന ആരാധനയായി നമസ്കാരത്തെ നിശ്ചയിച്ചത്.

നമസ്കാരത്തെ സംബന്ധിച്ച് ഖുർആൻ പ്രസ്താവിച്ചു:

*"നിശ്ചയം, ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ സ്മരിക്കുന്നതിനായി നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും ചെയ്യുക.* - അധ്യായം 20: 14

*"നിസ്സംശയം, നമസ്കാരം നീചവും നിഷിദ്ധവുമായ കാര്യങ്ങളിൽനിന്ന് മനുഷ്യനെ തടയുന്നു."*

## നമസ്കാരത്തിന്റെ പ്രാധാന്യം

ഒരാൾ ഏകദൈവത്തെ തൻെറ യജമാനനായി അംഗീകരിച്ചാൽ അയാൾക്ക് നമസ്കാരം നിർബന്ധമായി. അല്ലാഹുവാണ് തൻെറ സാക്ഷാൽ ആരാധ്യനും യജമാനനും എന്ന സാക്ഷ്യത്തിന് ശേഷമുള്ള കർമപരമായ സാക്ഷ്യമാണ് നമസ്കാരം.

ഏതവസ്ഥയിലായാലും നമസ്കാരം ഒഴിവാക്കാൻ പാടില്ലാത്തതാകുന്നു. ഏകദൈവ വിശ്വാസിയും ദൈവനിഷേധിയും തമ്മിലുള്ള അടിസ്ഥാനവ്യത്യാസം നമസ്കാരമാകുന്നു. ഏകദൈവത്തിൽ വിശ്വാസമർപ്പിച്ച ഒരാൾ എവിടെയായാലും നമസ്കാരത്തിനുള്ള സമയമായാൽ ഉടനെ അത് നിർവഹിക്കുക തന്നെ വേണം. കാരണം, അത് ഏകദൈവത്തിൻെറ അവകാശവും വിശ്വാസിയുടെ ബാധ്യതയുമാകുന്നു. പരലോകവിചാരണയിൽ നമസ്കാരത്തെപ്പറ്റിയാണ് ഒരാൾ ആദ്യം വിസ്തരിക്കപ്പെടുക.

നമസ്കരിക്കാത്തവൻ ദൈവത്തിങ്കൽ വിശ്വാസിയാവുകയില്ല. കാരണം, ദൈവിക കല്പനയിൽ മർമപ്രധാനമായ കൃത്യമാണയാൾ ഉപേക്ഷിച്ചത്. പ്രവാചകൻ മുഹമ്മദ്(സ)ൻെറ കാലത്ത് മുസ്‌ലിമിനെയും അല്ലാത്തവരെയും തിരിച്ചറിയാനുള്ള മാർഗം നമസ്കാരമായിരുന്നു. ഇന്നും അതുതന്നെയാണ് ഉപാധി.

കൃത്യനിഷ്ഠയോടെ നമസ്കരിക്കുന്ന ഒരു വിശ്വാസിക്ക് മാത്രമേ ദൈവത്തിൻെറ എല്ലാ കല്പനകളും സിരസാവഹിക്കുവാൻ സാധിക്കുകയുള്ളൂ നമസ്കാരം ഉപേക്ഷിക്കുന്നവൻ തൻെറ വിശ്വാസത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഉപരി ദൈവത്തിനുള്ള തൻെറ ദാസ്യത്തെ നിരാകരിക്കുകയുമാണ് അയാൾ ചെയ്യുന്നത്. അതീവ ഗുരുതരമായ കുറ്റമാണത്.

മനുഷ്യർ ഏകദൈവത്തിൻെറ നിഷ്കളങ്കരായ അടിമകളായാണ് ജനിക്കുന്നത്. അതിനാൽ തന്നെ ഒരു സന്ദർഭത്തിലും നിഷ്കളങ്കദാസ്യത്തിൽനിന്ന് നാം സ്വതന്ത്രരാകാൻ ശ്രമിക്കരുത്. അവൻെറ ആജ്ഞാനുവർത്തിയാകുന്നിൽനിന്ന് മുക്തരാകാനും മുതിരരുത്. പ്രവാചകൻ മുഹമ്മദ്(സ) പഠിപ്പിച്ചു: "നമുക്കും (ഏകദൈവവിശ്വാസികൾ) അവർക്കും (ദൈവനിഷേധികൾ) ഇടയിലുള്ള വ്യത്യാസത്തിൻെറ ഏക കരാർ നമസ്കാരമാകുന്നു. ആർ അത് ഉപേക്ഷിച്ചുവോ അവൻ ദൈവനിഷേധിയാകുന്നു."

അല്ലാഹു പറഞ്ഞു:

*"തീർച്ചയായും സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവരാകുന്നു."* (ഖുർആൻ)

പ്രധാനപ്പെട്ട നാല് കാര്യങ്ങൾ അതിലുണ്ട്.

ഒന്ന്, ഞാൻ നിൻെറ മാത്രം ദാസനാകുന്നു എന്ന തൻെറ പ്രഖ്യാപനം ദൈവസമക്ഷം സമർപ്പിക്കാൻ ഒരാൾക്ക് സാധിക്കുന്നത് നമസ്കാരത്തിലൂടെയാകുന്നു.

രണ്ട്, ഏകദൈവത്തിനു മാത്രം കീഴ്‌വണങ്ങി ജീവിക്കുകയും അവനെ സദാ ഓർക്കുകയും അതുവഴി പിശാചിൽനിന്നും ദുഷിച്ച ജീവിതചുറ്റുപാടുകളിൽനിന്നും മ്ളേഛവൃത്തികളിൽനിന്നും ഒരാൾ മോചിതനാകുന്നത് നമസ്കാരം മുഖേനയാകുന്നു.

മൂന്ന്, തൻെറ തെറ്റുകുറ്റങ്ങൾ പൊറുത്തുതരണമെന്നും ഏകദൈവത്തിന് ഇഷ്ടകരമായ പാതയിലൂടെ ജീവിക്കാൻ ഉതവി നല്കണമെന്നും ജീവിതമാസകലം അവൻെറ അനുഗ്രഹം ലഭിക്കണമെന്നും വിശ്വാസി ആവശ്യപ്പെടുന്നതും നമസ്കാരത്തിലൂടെയാണ്.

നാല്, ഐഹികക്ഷേമവും പാരത്രികമോക്ഷവും നേടാനാകുന്നതും നമസ്കാരം കൃത്യമായി നിർവഹിക്കുന്നതിലൂടെയാകുന്നു.

## സദ്ഫലങ്ങൾ

നമസ്കാരത്തിൻെറ സദ്ഫലങ്ങൾ അനേകമാണ്. പ്രധാനപ്പെട്ട ഒരു ആരാധനാകർമം എന്നതിനപ്പുറം മനുഷ്യസംസ്കാരവും അവൻെറ മോക്ഷവും വിജയവുമായി അതിന് ഏറെ ബന്ധമുണ്ട്.

ഒരിക്കൽ പ്രവാചകൻ തൻെറ അനുയായികളോട് തിരക്കി: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വീടുകളുടെ കവാടത്തിനടുത്തു കൂടെ ഒരു നദി ഒഴുകുന്നു. നിങ്ങളിൽ ഒരാൾ അതിൽ ഇറങ്ങി ദിനേന അഞ്ചുനേരം കുളിക്കുന്നു. അയാളുടെ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ? അനുയായികൾ ഇല്ലെന്നു മറുപടി പറഞ്ഞു. അവിടന്ന് തുടർന്നു: അതുപോലെയാണ് ദിനേന അഞ്ചുനേരത്തെ നമസ്കാര ത്തിൻെറ കാര്യവും. അവമൂലം അല്ലാഹു പാപങ്ങൾ മായ്ചുകളയുന്നു." (ബുഖാരി, മുസ്‌ലിം)

ഖുർആൻ പറഞ്ഞു:

*"നിസ്സംശയം, നമസ്കാരം നീചവും നിഷിദ്ധവുമായ കാര്യങ്ങളിൽനിന്ന് മനുഷ്യനെ തടയുന്നു."*

*"തീർച്ചയായും സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാര ത്തിൽ സൂക്ഷ്മതയുള്ളവരാകുന്നു."*

ഏകദൈവവിശ്വാസം പൂർണമാകുന്നത് നമസ്കാരത്തിലൂടെ മാത്രമാകുന്നു. വിശ്വാസവും കർമവും ഒരുപോലെ പ്രാധാന്യമുള്ള ദൈവികജീവിതവ്യവസ്ഥയുടെ നെടുംതൂണാകുന്നു അത് എന്നതാണ് കാരണം. അത് ഇല്ലാതായാൽ പ്രസ്തുത ജീവിതവ്യവസ്ഥയും തകരും.

മനസ്സിൽ സദാസമയവും ദൈവസ്മരണ നിലനിർത്തുന്നതിൽ നമസ്കാരം മറ്റുള്ള ആരാധനകളെക്കാൾ ഏറെ പ്രയോജനകരമാണ്. മനുഷ്യമനസ്സിനെ ദൈവത്തിൽനിന്ന് വിമുഖനാക്കുകയല്ല, കൂടുതൽ സമീപ സ്ഥനാക്കുകയാണ് അത് ചെയ്യുന്നത്.

മനസ്സിൽ തെറ്റുകളോട് വിരക്തിയും നന്മയോട് പ്രതിപത്തിയും വളർത്തുന്നതിൽ നമസ്കാരത്തിന് വലുതായ സ്ഥാനമുണ്ട്. ഏകദൈവത്തിൽനിന്നുള്ളതെന്ന് ബോധ്യപ്പെട്ട മുഴുവൻ കല്പനകളും യഥാവിധം നിർവഹിക്കാൻ അത് മനുഷ്യനെ പ്രാപ്തനാക്കുന്നു.

താൻ ഏകദൈവത്തിൻെറ നിഷ്കളങ്കദാസനാണെന്ന ബോധം അത് മനസ്സിൽ വളർത്തിയെടുക്കുകയും ജീവിതത്തിൽ ഉടനീളം വിശുദ്ധി പുലർത്താൻ അവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു.

മനുഷ്യരുടെ വിമോചനത്തിനായി ഏകദൈവം അവതരിപ്പിച്ച വിശുദ്ധ ഖുർആൻ ഉപകാരപ്പെടുന്നത് നമസ്കരിക്കുന്നവർക്കു മാത്രമാണെന്ന് ഖുർആൻ വ്യക്തമാക്കി. മനുഷ്യകർമങ്ങൾക്കു പരലോകത്ത് പ്രതിഫലം ലഭിക്കുന്നത് നമസ്കാരത്തെ ആസ്പദിച്ചാണ്.

അടിമയെ സ്വർഗാവകാശിയാക്കുന്നത് നമസ്കാരത്തിൻെറ തോതനുസരിച്ചാകുന്നു. കാരണം, ഏകദൈവത്തിൻെറ ദാസ്യം യഥാവിധം നിർവഹിക്കാൻ സാധിക്കുന്നത് നമസ്കാരക്കാർക്ക് മാത്രമാകുന്നു. അവൻെറ അനുസരണയുള്ള ദാസന്മാർക്കു മാത്രം ഒരുക്കപ്പെട്ടതാണല്ലോ സ്വർഗം.

ഏകദൈവവിശ്വാസി തൻെറ യജമാനനോട് നടത്തുന്ന പ്രാർഥനകളിൽ അധികവും സ്വീകരിക്കപ്പെടുന്നത് നമസ്കാരവുമായി ബന്ധപ്പെട്ട സമയങ്ങളിലാണ്.

ഏകദൈവവിശ്വാസിയായ ഒരാൾ തൻെറ നാഥനുമായി അഭിമുഖം നടത്തുന്നത് നമസ്കാരത്തിലൂടെയാണ്. അതിലൂടെയാണ് അവൻ തൻെറ മനസ്സ് തുറക്കുന്നത്. തൻെറ ആവശ്യങ്ങൾ നിരത്തുന്നത്.

## സാമൂഹികവശങ്ങൾ

ശ്രദ്ധാർഹമായ ചില സാമൂഹിക വശം കൂടിയുണ്ട് നമസ്കാരത്തിന്. പള്ളിയിൽ ഒരു ലീഡറുടെ (ഇമാം) കീഴിൽ അണിയായി നിന്നുകൊണ്ടാണ് വിശ്വാസികൾ നമസ്കരിക്കുന്നത്. പ്രസ്തുത അണിയിൽ പാവപ്പെട്ടവനും ധനാഢ്യനും കുബേരനും പണ്ഡിതനും പാമരനും നേതാവും നീതനും തൊഴിലാളിയും തൊഴിലുടമയും ഭരണാധികാരിയും ഭരണീയനും കറുത്തവനും വെളുത്തവനും എന്നുവേണ്ട സമൂഹത്തിലെ നാനാതുറകളിലും

ഉള്ളവർ അടുത്തടുത്താണ് നിൽക്കുന്നത്. അവിടെ ആർക്കും ഒരു തരത്തിലുമുള്ള പ്രത്യേകതയും ഇല്ല. എല്ലാവരും ഒരു ചീർപ്പിലെ പല്ലുപോലെ തുല്യരാണ്.

ആ നിറുത്തത്തിൽ അവരുടെ മനസ്സിൽ ഒരേ വികാരമാണുള്ളത്- ഞങ്ങളെല്ലാം മനുഷ്യരാണ്, ദൈവദാസന്മാർ. അവൻെറ ദൈവപ്രീതിയാണ് എല്ലാവരുടെയും ലക്ഷ്യം എന്ന ഒരേയൊരു വികാരം മാത്രം.

നമസ്കാരത്തിൻെറ ഈ അണിയിൽ ആളുകൾ ഏതു വിധത്തിലാണോ അതേ വിധത്തിലുള്ള സാഹോദര്യം സാമൂഹ്യജീവിതത്തിലും സംജാതമാകണം എന്നതാണ് നമസ്കാരത്തിൻെറ ഒന്നാമത്തെ നേട്ടം. അഥവാ സാഹോദര്യം നിലനില്ക്കുന്ന സാമൂഹികാന്തരീക്ഷം ഉണ്ടാകണം. പരസ്പരം സ്നേഹിക്കുകയും അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ആദരിക്കുകയും ചെയ്യുന്ന ഉത്തമസമൂഹത്തിൻെറ നിർമിതി അതിലൂടെ സാധിക്കണം എന്നുതന്നെയാണ് സർവശക്തൻ ഇഛിക്കുന്നത്.

നമസ്കരിച്ചുകൊണ്ടിരിക്കെ നടത്തുന്ന പ്രാർഥനകളിൽ സമൂഹത്തെ മുഴുവനുമായാണ് സ്മരിക്കുന്നത്. “ഞങ്ങളെ നേർമാർഗത്തിലാക്കേണമേ”, “മുഴുവൻ സച്ചരിതർക്കും ദൈവത്തിൻെറ അനുഗ്രഹകടാക്ഷങ്ങൾ ഉണ്ടാകട്ടെ” എന്നിങ്ങനെ. ഈ മാനുഷിക പ്രതിപത്തി മുറ്റിനില്ക്കുന്ന ആരാധനാരംഗം മനുഷ്യൻെറ ബാഹ്യാന്തരങ്ങളെ സംസ്കരിക്കാനും അവരെ ഒത്തൊരുമയുള്ള സമൂഹമാക്കി മാറ്റാനും ഏറെ പര്യാപ്തവുമാണ്.

## അഞ്ചു നേരത്തെ നമസ്കാരം

അഞ്ചു നേരത്തെ നമസ്കാരമാണ് ഖുർആൻ നിർബന്ധമാക്കിയിട്ടുള്ളത്. അവയുടെ പേരും സമയവും സമയവും യഥാക്രമം താഴെ ചേർക്കുന്നു.

**ഫജ്ർ**: പ്രഭാതം പൊട്ടിവിടരുന്നതിനു മുമ്പാണ് ഇതിൻെറ സമയം. സൂര്യോദയത്തോടെ അതിൻെറ സമയം അവസാനിക്കുന്നു. രണ്ട് റക്അത്താണിത്.

**ളുഹ്ർ**: സൂര്യൻ ആകാശമധ്യത്തിൽനിന്നും തെറ്റുന്നതു മുതൽ പൂർവാഹ്നം വരെയാണ് ഇതിൻെറ സമയം. നാല് റക്അത്താണിത്.

**അസ്വ്ർ**:പൂർവാഹ്നം മുതൽ സൂര്യൻ ചെങ്കതിർ വർണമാകുന്നതു വരെയാണ് അസ്വ്റിൻെറ സമയം. നാല് റക്അത്താണിത്.

**മഗ്രിബ്**:സൂര്യാസ്തമയം മുതൽ അസ്തമയശോഭ നീങ്ങുന്നതു വരെയാണ് ഇതിൻെറ സമയം. മൂന്ന് റക്അത്താണിത്.

**ഇശാ**: അസ്തമയശോഭ മാഞ്ഞതു മുതൽ അർദ്ധരാത്രി വരെയാണ് ഇതിൻെറ സമയം. നാല് റക്അത്താണിത്.

## രൂപവും അതിൽ ചൊല്ലുന്നതും

നമസ്കരിക്കാൻ നിന്നാൽ ഏത് നമസ്കാരമാണോ നമസ്കരിക്കുന്നത് അത് നമസ്കരിക്കുന്നു എന്ന് മനസ്സിൽ കരുതണം. ഉദാഹരണം: ളുഹ്ർ ഫർദ്നമസ്കാരം നാല് റക്അത് അല്ലാഹുവിനു വേണ്ടി ഖിബ്‌ലക്ക് മുന്നിട്ട് ഞാൻ നമസ്കരിക്കുന്നു എന്ന് മനസ്സിൽ കരുതുക. തുടർന്ന് അല്ലാഹു അക്ബർ (അല്ലാഹുവാണ് ഏറ്റവും വലിയവൻ) എന്നു ചൊല്ലി കൈകൾ രണ്ടും ചുമലിനോളം ഉയർത്തി, നെഞ്ചിലോ നെഞ്ചിന് താഴെയോ കെട്ടുക.





തുടർന്ന് പ്രാരംഭ പ്രാർഥന ഇപ്രകാരം ചൊല്ലുക:

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ وتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ، وَلاَاله غَيْرُكَ

*സുബ്ഹാനകല്ലാഹുമ്മ വബിഹംദിക വതബാറകസ്മുക വതആലാ ജദ്ദുക, വലാഇലാഹ ഗയ്റുക.*

(അല്ലാഹുവേ, നീയാണ് പരിശുദ്ധൻ. സർവസ്തുതിയും മഹിമയും നിനക്കാകുന്നു. നിൻെറ നാമം ഏറ്റവും അനുഗൃഹീതം. നിൻെറ മഹത്വവും മേന്മയും സർവത്തെയും കവച്ചുവെക്കുന്നു. നീയല്ലാതെ വേറെ ഒരു ആരാധ്യനുമില്ല.)

തുടർന്ന് ഫാതിഹ ഓതുക.

أعوذ بالله من الشيطان الرّجيم അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം

ശപിക്കപ്പെട്ട പിശാചിൽനിന്ന് ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ *ബിസ്മില്ലാഹിർറഹ്മാനിർറഹീം*

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ *അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*

സ്തുതിയഖിലം അല്ലാഹുവിന് മാത്രമാണ്, സർവലോകങ്ങളുടെയും ഉടമസ്ഥൻ.

اَلرَّحْمٰنِ الرَّحِيمِ *അർറഹ്മാനിർറഹീം*

പരമകാരുണികൻ. കരുണാനിധി.

مَالِكِ يَوْمِ الدِّينِ *മാലികി യൗമിദ്ദീൻ.*

വിധിദിനത്തിന്നധിപൻ.

إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ *ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ*

നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായംതേടുന്നു.

اهدِنَــــا الصِّرَاطَ المُستَقِيمَ *ഇഹ്ദിനസ്സ്വിറാത്ത്വൽ മുസ്തഖീം*

നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ.

صِرَاطَ الَّذِينَ أَنعَمتَ عَلَيهِمْ غَيرِ المَغضُوبِ عَلَيهِمْ وَلاَ الضَّالِّينَ

*സ്വിറാത്ത്വല്ലദീന അൻഅംത്ത അലൈഹിം, ഗയ്രിൽ മഗ്ളൂബി അലൈഹിം, വലദ്ദാല്ലീൻ.*
നീ അനുഗ്രഹിച്ചവരുടെ വഴിയിൽ. നിൻെറ കോപത്തിനിരയായവരുടെയും പിഴച്ചവരുടെയും മാർഗത്തിലല്ല.

آمين ആമീൻ

അല്ലാഹുവേ, നീ എൻെറ പ്രാർഥന സ്വീകരിക്കേണമേ.

അതിനു ശേഷം ഖുർആനിൽനിന്ന് മനഃപാഠമുള്ള ഏതെങ്കിലും ഭാഗം ഓതുക.

തുടർന്ന് *അല്ലാഹു അക്ബർ* എന്നു ചൊല്ലി കുനിയുക. മുതുക് കുനിച്ച് കൈപ്പത്തികൾ രണ്ടും കാൽമുട്ടിൽ വെച്ച് നിരപ്പായി നില്ക്കുക. നോട്ടം താഴോട്ടായിരിക്കണം. തല മുതുകിനെക്കാൾ ഉയർന്നുനില്ക്കരുത്. ഇതാണ് റുകൂഅ്. ആ അവസ്ഥയിൽ



سُبْحَانَ رَبِّيَ الْعَظِيم *സുബ്ഹാന റബ്ബിയൽ അളീം* (മഹത്വപൂർണനായ എൻെറ നാഥൻ പരിശുദ്ധൻ) എന്ന് മൂന്ന് പ്രാവശ്യം ചൊല്ലുക.



തുടർന്ന് سَمِعَ اللهُ لِمَنْ حَمِدَهُ *സമിഅല്ലാഹു ലിമൻ ഹമിദ* (സ്തുതിച്ചവൻെറ കീർത്തനം അല്ലാഹു കേട്ടിരിക്കുന്നു) എന്നു പറഞ്ഞ് നിവർന്നുനില്ക്കുക. തുടർന്ന് رَبَّنَا لَكَ الْحَمْد *റബ്ബനാ ലകൽ ഹംദ്* (ഞങ്ങളുടെ നാഥാ, നിനക്കാണ് സർവ സ്തുതിയും) എന്ന് ചൊല്ലുക. ഇതിന് ഇഅ്തിദാൽ എന്നു പറയുന്നു. പല വിധത്തിലുള്ള പ്രാർഥനകളും ഇവിടെ ചൊല്ലാമെന്ന് ഹദീഥുകളിൽ കാണാം.

رَبَّنَا لَكَ الحَمْدُ حَمْدًا كَثِيرًا طَيِّبًا مبارَكًا فِيهِ റബ്ബനാ ലകൽ ഹംദ് ഹംദൻ കഥീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി എന്നു ചൊല്ലുന്നതാണ് നല്ലത്.

തുടർന്ന് *അല്ലാഹു അക്ബർ* എന്നു ചൊല്ലി സുജൂദ്- സാഷ്ടാംഗം- ചെയ്യുക. രണ്ട് ഉള്ളംകൈകളും മൂക്കും നെറ്റിയും കാൽമുട്ടുകളും ഇരുകാലുകളുടെയും വിരലുകളും (വിരലുകളുടെ പള്ളഭാഗം) നിലത്ത് പതിച്ചുവെച്ചുള്ള സാഷ്ഠാംഗമാണിത്. അതിൽ ഇപ്രകാരം മൂന്ന് തവണ പറയുക:



سُبْحَانَ رَبِّيَ الاعْلَى *സുബ്ഹാന റബ്ബിയൽ അഅ്ലാ*

(അത്യുന്നതനായ എൻെറ നാഥൻ മഹോന്നതൻ.)



തുടർന്ന് *അല്ലാഹു അക്ബർ* എന്നു ചൊല്ലി ഇരിക്കുക. വലതു കാലിൻെറ വിരലു കൾ നിലത്ത് കുത്തി ഇടതു കാൽപാദം നിലത്ത് പതിച്ചുവെച്ചാണ് ഇരിക്കേണ്ടത്. ആ ഇരുത്തത്തിൽ ഇങ്ങനെ ചൊല്ലുക:



رَبِّ اغْفِرْ لِي *റബ്ബിഗ്ഫിർലി* (അല്ലാഹുവേ, എനിക്ക് പൊറുത്തു തരേണമേ) തുടർന്ന് *അല്ലാഹു അക്ബർ* എന്നു ചൊല്ലി വീണ്ടും സുജൂദ് ചെയ്യുക. അതിലും سُبْحَانَ رَبِّيَ الاعْلَى *സുബ്ഹാന റബ്ബിയൽ അഅ്ലാ* എന്ന് ചൊല്ലുക.



തുടർന്ന് അല്ലാഹു അക്ബർ എന്നു ചൊല്ലി നില്ക്കുക. ഇപ്പോൾ ഒരു റക്അത്ത് പൂർത്തിയായി. എത്ര റക്അത്തുകളുണ്ടോ അത്രയും തവണ ഈ ക്രമത്തിൽ കർമങ്ങൾ ആവർത്തിക്കുക. രണ്ട് റക്അത്ത് കഴിഞ്ഞാൽ നേരത്തെ പറഞ്ഞതുപോലെ ഇരിക്കുക. അതിന് തശഹ്ഹുദിൻെറ ഇരുത്തം എന്നു പറയുന്നു. അതിൽ ഇങ്ങനെ ചൊല്ലുക:

التَحِيَّاتُ للهِ وَالصَّلَوَاتُ والطَّيِّبَاتُ السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ الله وَبَرَكَاتُهُ السَّلاَمُ عَلَيْنَا وَعَلَى عِبَادِالله الصَالِحِين، أَشْهَدُ ان لااله الاالله وَاَشْهَدُ أَنَّ مُحَمَّدا عَبْدُهُ وَرَسُولُه، اَللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحُمَّد

*അത്തഹിയ്യാതു ലില്ലാഹി, വസ്സ്വലവാതു വത്ത്വയ്യിബാതു അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹിസ്സ്വാലിഹീൻ. അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദ്.*

(എല്ലാ അഭിവാദ്യങ്ങളും പ്രാർഥനകളും നന്മയുറ്റ സർവവും അല്ലാഹുവിനാകുന്നു. പ്രവാചകന് അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ വർഷിക്കട്ടെ. ഞങ്ങളിലും അല്ലാഹുവിൻെറ നല്ലവരായ ദാസന്മാരിലും അവൻെറ രക്ഷ ഉണ്ടാകുമാറാകട്ടെ. ആരാധനക്കർ

ഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം, മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ അടിമയും ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ, മുഹമ്മദിനും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമേ.) ഇതത്രെ അതിൻെറ ആശയം.

നാല് റക്അത്തുള്ള നമസ്കാരമാണെങ്കിൽ അവസാനത്തെ സുജൂദിന് ശേഷം അത്തഹിയ്യാത്തിൽ ഇരിക്കുകയും ഇപ്രകാരം ചൊല്ലുകയും വേണം.

التَحِيَّاتُ لله وَالصَّلَوَاتُ والطَّيِّبَاتُ السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ الله وَبَرَكَاتُهُ السَّلاَمُ عَلَيْنَا وَعَلَى عِبَادِالله الصَالِحِين، أَشْهَدُ ان لااله الاالله وَاَشْهَدُ أَنَّ مُحَمَّدا عَبْدُهُ وَرَسُولُه، اَللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّد كَمَا صَلَّيْتَ عَلى إبْراهيم وَعَلى آل إبْرَاهيم وبَارِكْ عَلى مُحَمَّدٍ وَعَلى آلِ مُحَمَّد إنَّكَ حَمِيدٌ مَجِيد، اَللهُم اغْفِرْ لي مَا قَدَّمْتُ وَمَا أَخَّرْتُ وَمَا أَسْرَرْتُ وَمَا أَعْلَنْتُ وَمَا أَسْرَفْتُ وأَنْتَ أَعْلَمُ بَهِ مِنِّي إنَكَ أَنْتَ المُقَدِّمُ وَانْتَ المُؤَخِّرُ لااله الا أنْتَ، أَللهُمّ إِنِّي أَعُوذُ بِكَ مِنَ عَذَابِ الْقَبْرِ وَمِنْ عذَابِ النَّارِ وَمِن فِتْنَة المَحْيا والمَماتِ وَمِنْ فِتْنَة المَسِيحِ الدَّجَّال

*അത്തഹിയ്യാതു ലില്ലാഹി, വസ്സ്വലവാതു വത്ത്വയ്യിബാതു അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹിസ്സ്വാലിഹീൻ. അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദ് കമാ സ്വല്ലൈത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീം. വബാരിക് അലാ അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദ് കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീം* ഇന്നക ഹമീദുൻ മജീദ്

അല്ലാഹുമ്മഗ്ഫിർലീ മാ ഖദ്ദംതു വമാ അഖർതു വമാ അസ്റർതു വമാ അഅ്ലൻതു വമാ അസ്റഫ്തു വഅൻത അഅ്ലമു ബിഹി മിന്നീ ഇന്നക അൻതൽ മുഖദ്ദിമു വഅൻതൽ മുഅഖിറു, ലാഇലാഹ ഇല്ലാ അൻത അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ അദാബിൽ ഖബ്രി വമിൻ അദാബിന്നാരി വമിൻ ഫിത്നതിൽ മഹ്യാ വൽമമാതി വമിൻ ഫിത്നതിൽ മസീഹിദ്ദജ്ജാൽ.

(എല്ലാ അഭിവാദ്യങ്ങളും പ്രാർഥനകളും നന്മയുറ്റ സർവവും അല്ലാഹുവിനാകുന്നു. പ്രവാചകന് അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ വർഷിക്കട്ടെ. ഞങ്ങളിലും അല്ലാഹുവിൻെറ നല്ലവരായ ദാസന്മാരിലും അവൻെറ രക്ഷ ഉണ്ടാകുമാറാകട്ടെ. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം, മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ അടിമയും ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ, മുഹമ്മദിനും അദ്ദേഹത്തിൻെറ കുടുംബ ത്തിനും നീ അനുഗ്രഹം ചൊരിയേണമേ.

അല്ലാഹുവേ, ഞാൻ മുൻകൂട്ടി ചെയ്തതും പിന്തിച്ചതും രഹസ്യമാക്കിയതും പരസ്യമാക്കിയതും എനിക്ക് പൊറുത്തു തരേണമേ. എന്നെക്കാളും അതെപ്പറ്റി നീയാണല്ലോ അറിയുന്നവൻ. നീയാണ് മുന്തിക്കുന്നവനും പിന്തിക്കുന്നവനും. നീയല്ലാതെ ഒരു ആരാധ്യനുമില്ല. അല്ലാഹുവേ, ഖബ്റിലെ ശിക്ഷയിൽനിന്നും നരകശിക്ഷയിൽനിന്നും ജീവിതത്തിൻെറയും മരണത്തിൻെറയും ഫിത്നകളിൽ നിന്നും മസീഹിദ്ദജ്ജാലിൻെറ നാശത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.



തുടർന്ന് السَّلاَمُ عَلَيْكُمْ وَرَحْمَةُ الله *അസ്സലാമു അലൈക്കും വറഹ്മതുല്ലാഹ്* എന്നു പറഞ്ഞു വലതു ഭാഗത്തേക്കും അതേ സലാം പറഞ്ഞ് ഇടതു ഭാഗത്തേക്കും മുഖം തിരിക്കുക. ഇതാണ് നമസ്കാരത്തിൻെറ രൂപം.

നമസ്കാരത്തിൽ ചൊല്ലുന്നതിൻെറ ആശയം കഴിവതും മനസ്സിലാക്കിവേണം ചൊല്ലുവാൻ.

## നമസ്കാരത്തിന്റെ മുഖ്യ ഘടകങ്ങൾ (റുക്നുകൾ)



### 1. നിറുത്തം

നില്ക്കാൻ കഴിയുന്നവർ നില്ക്കുക തന്നെ വേണം. തീരെ കഴിയാത്തവരാണെങ്കിൽ ഇരുന്ന് നമസ്കരിക്കാം. അതിന് സാധിക്കാത്തവർ കിടന്നും നമസ്കരിക്കണം. നമസ്കാരിക്കാൻ നില്ക്കുന്നത് വൃത്തിയുള്ള സ്ഥലത്തായിരിക്കണം. മാലിന്യങ്ങൾ ഒന്നും അവിടെ ഉണ്ടാകരുത്. ശരിയായ രീതിയിൽ ഖിബ്‌ലയിലേക്ക് മുഖം തിരിഞ്ഞു നില്ക്കണം.

ഇന്ന നമസ്കാരം ഞാൻ നമസ്കരിക്കുന്നു എന്ന് മനസ്സിൽ കരുതി കൈകൾ രണ്ടും ചുമലോളം ഉയർത്തി الله أكبر എന്നു ചൊല്ലി കെട്ടുക. ഇതിനാണ് തക്ബീറതുൽ ഇഹ്റാം എന്നു പറയുന്നത്.

ഈ നിറുത്തത്തിൽ പ്രാരംഭ പ്രാർഥനയും ഫാതിഹയും ചെറിയ സൂറതും ഓതുക. അവ മേലെ വിവരിച്ചിട്ടുണ്ട്.

### 2. റുകൂഅ്



പ്രാരംഭപ്രാർഥനയും ഖുർആൻ പാരായണയും കഴിഞ്ഞാൽ രണ്ടു കൈപ്പത്തികളും രണ്ട് കാൽമുട്ടുകളിൽ ചേർത്തുവെച്ച് കുനിയുക. മുതുക് നേരെയാകണം. തല മുതുകിനെക്കാൾ ഉയർന്നുനില്ക്കരുത്. ഇതിന് റുകൂഅ് എന്നു പറയുന്നു. ഈ കുനിയലിൽ ഇങ്ങനെ ചൊല്ലുക: سُبْحَانَ رَبِيَ الْعَظِيم *സുബ്ഹാന റബ്ബിയൽ അളീം* (മഹത്വപൂർ ണനായ എൻെറ നാഥൻ പരിശുദ്ധൻ) 3 തവണ.

### 3. ഇഅ്തിദാൽ



റുകൂഅ് കഴിഞ്ഞാൽ سَمِعَ اللهُ لِمَنْ حَمِدَهُ *സമിഅല്ലാഹു ലിമൻ ഹമിദഹു* (സ്തുതിച്ചവൻെറ കീർത്തനം അല്ലാഹു കേട്ടിരിക്കുന്നു) എന്നു ചൊല്ലി നേരെ നിവർന്നുനില്ക്കുക. ഇതിന് ഇഅ്തിദാൽ എന്നു പറയുന്നു. ആ നിറുത്തത്തിൽ رَبَّنَا لَكَ الحَمْدُ حَمْدًا كَثِيرًا طَيِّبًا مبارَكًا فِيهِ റബ്ബനാ ലകൽ ഹംദ് ഹംദൻ കഥീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി എന്നു ചൊല്ലുക.

### 4. സുജൂദ്



നിറുത്തം കഴിഞ്ഞാൽ അല്ലാഹു അക്ബർ എന്നു ചൊല്ലി സുജൂദിലേക്ക് പോവുക. ശരീരത്തിലെ ഏഴ് അവയവങ്ങൾ നിലത്ത് വെച്ചുകൊണ്ടുള്ള സാഷ്ടാംഗമാണിത്. അല്ലാഹുവിൻെറ മുമ്പിൽ വിനയം പ്രകടിപ്പിക്കാൻ ഇതിനെക്കാൾ അനുയോജ്യമായ ഒരു കർമവും വേറെയില്ല. മൂക്കും നെറ്റിത്തടവും രണ്ട് ഉള്ളം കൈകളും

കാൽമുട്ടുകളും കാൽവിരലുകളും ഈ കർമത്തിൽ നിലത്ത് വെക്കണം. നെറ്റിത്തടത്തിനും നിലത്തിനുമിടയിൽ മുടി, തൊപ്പി എന്നിവ മറയായി ഉണ്ടാകാൻ പാടില്ല. കൈപ്പത്തികൾ രണ്ടും മുഖത്തിനു സമാന്തരമായി അകറ്റിപ്പിടിക്കണം. سُبْحَانَ رَبِّيَ الاعْلَى *സുബ്ഹാനറബ്ബിയൽഅഅ്ലാ* (അത്യുന്നതനായ എൻെറ നാഥൻ മഹോന്നതൻ.) എന്നു 3 തവണ സുജൂദിൽ ചൊല്ലുക.

### 5. ഇരുത്തം



സുജൂദിൽനിന്നുയർന്ന് ഇരിക്കണം. ഇടത്തെ കാലടി പരത്തി വെച്ച് അതിന്മേൽ ഇരിക്കുക. വലത്തെ കാൽവിരലുകൾ നിലത്ത് കുത്തിനിർത്തുക. ഈ ഇരുത്തത്തിന് ഇഫ്ത്തിറാശ് എന്നു പറയുന്നു. രണ്ട് കൈപ്പത്തികളും രണ്ട് കാൽമുട്ടുകൾക്ക് മീതെ വെക്കുക. അതിൽ رَبِّ اغْفِرْ لِي وَارْحَمْنِي واجْبُرْنِي وارْزُقْنِي واهْدِنِي وَعَافِنِي *റബ്ബിഗ്ഫിർലി വർഹംനി വജ്ബുർനി വർസുഖ്നി വഹ്ദിനി വആഫിനീ* (അല്ലാഹുവേ, എനിക്ക് പൊറുത്തുതരികയും എന്നോട് കരുണ കാണിക്കുകയും എൻെറ ന്യൂനത പരിഹരിക്കുകയും എനിക്ക് വിഭവങ്ങൾ നല്കുകയും എന്നെ നേർവഴിയിൽ നടത്തുകയും എനിക്ക് സൗഖ്യം നല്കുകയും ചെയ്യേണമേ) എന്നു ചൊല്ലുക

തുടർന്ന് വീണ്ടും ആദ്യത്തെപ്പോലെ സുജൂദ് ചെയ്യുകയും അതിൽ ആദ്യം സുജൂദിൽ ചൊല്ലിയതു പോലെ ചൊല്ലുകയും ചെയ്യുക.

അമിതമായ ധിറുതി നമസ്കാരത്തിൽ പാടില്ല. ഒരാൾ അങ്ങനെ നമസ്കരിക്കുന്നതു കണ്ടപ്പോൾ പ്രവാചകൻ അയാളോട് രണ്ടാമതും സാവധാനം നമസ്കരിക്കാൻ ആവശ്യപ്പെടുകയുണ്ടായി.

### 6. തശഹ്ഹുദിന്റെ ഇരുത്തം



രണ്ട് റക്അത്ത് കഴിഞ്ഞാൽ തശഹ്ഹുദിൻെറ ഇരുത്തം ഇരിക്കണം. സുജൂദിനിടയിലെ ഇരുത്തംപോലെയാണിത്. അതിൽ മുകളിൽ സൂചിപ്പിച്ചതുപോലെ അതഹിയ്യാതു എന്നു തുടങ്ങി വഅലാ ആലി മുഹമ്മദ് വരെ ചൊല്ലുക.

### 7. തവർറുക്കിന്റെ ഇരുത്തം

നമസ്കാരത്തിൻെറ അവസാനത്തിലുള്ള ഇരുത്തത്തിനാണ് തവർറുകിൻെറ ഇരുത്തം എന്നുപറയുന്നത്. സുജൂദിനിടയിൽ ഇരിക്കുന്നതുപോലെയാണ് ഈ ഇരുത്തവും. പക്ഷേ, ഇടത്കാൽ വലതുകാലിൻെറ അടിയിൽ കൂടി പുറത്തേക്ക് പ്രവേശിപ്പിക്കുകയും ഇരുത്തം നിലത്താവുകയും ചെയ്യണം. അതിൽ മുകളിൽ സൂചിപ്പിച്ചതുപോലെ അതഹിയ്യാതു എന്നു തുടങ്ങി അവസാനം വരെ ചൊല്ലണം.

### 8. സലാം വീട്ടൽ



തവർറുകിൻെറ ഇരുത്തവും അതിലെ പ്രാർഥനവും കഴിഞ്ഞാൽ സലാം ചൊല്ലി നമസ്കാരം അവസാനിപ്പിക്കണം. السَّلاَمُ عَلَيْكُمْ وَرَحْمَةُ الله *അസ്സലാമു അലൈക്കും വറഹ്മതുല്ലാഹ്* എന്നുപറഞ്ഞു വലതുഭാഗത്തേക്കും അതേ സലാംപറഞ്ഞ് ഇടതുഭാഗത്തേക്കും മുഖം തിരിക്കുക.

ഇത്രയും കാര്യങ്ങൾ നമസ്കാരത്തിൽ നിർബന്ധമായും പാലിക്കണം. അതിൽ ഏതെങ്കിലും ഒന്ന് ഉപേക്ഷിച്ചാൽ നമസ്കാരം നഷ്ടപ്പെടും. വീണ്ടും അതാവർത്തിക്കണം.

## നിർബന്ധ കാര്യങ്ങൾ (വാജിബുകൾ)

നമസ്കാരത്തിൻെറ വാജിബുകൾ റുക്നുകളുടെയത്രതന്നെ പ്രാധാന്യമുള്ളതല്ല. അവ മറന്നാൽ മറവിയുടെ സുജൂദ് ചെയ്താൽ മതിയാകും. വാജിബുകൾ താഴെ വിവരിക്കുന്നു.

1. തക്ബീറതുൽ ഇഹ്റാമിമൊഴികെയുള്ള എല്ലാ തക്ബീറുകളും. (തക്ബീറതുൽ ഇഹ്റാം റുക്നാകുന്നു. അത് ഇല്ലാതെ നമസ്കാരമില്ല.)
2. ഇമാമും തനിയെ നമസ്കരിക്കുന്നവനും റുകൂഇൽനിന്ന് ഉയരുമ്പോൾ സമിഅല്ലാഹു ലിമൻ ഹമിദ എന്ന് ചൊല്ലൽ.
3. എല്ലാവരും ഇമാമും തുടർന്നു നമസ്കരിക്കുന്നവരും ഇഅ്തിദാലിൽ റബ്ബനാ ലകൽ ഹംദ് എന്ന് ചൊല്ലൽ.
4. റുകൂഇൽ സുബ്ഹാന റബ്ബിയൽ അളീം എന്നു ചൊല്ലൽ.
5. സുജൂദിൽ സുബ്ഹാന റബ്ബിയൽ അഅ്ലാ എന്നു ചൊല്ലൽ.
6. രണ്ട് സുജൂദുകൾക്കിടയിലെ ഇരുത്തത്തിൽ റബ്ബിഗ്ഫിർലീ എന്നു ചൊല്ലൽ.
7. ഒന്നാമത്തെ തശഹ്ഹുദ്.

ഇതിൽ ഏതെങ്കിലും ഒന്ന് മറന്നാൽ അതിനു പകരം നമസ്കാരത്തിൻെറ അവസാനം സലാം വീട്ടുന്നതിനു മുമ്പ് മറവിയുടെ രണ്ട് സുജൂദ് ചെയ്താൽ മതിയാകുന്നതാണ്. അതിൽ ഇങ്ങനെ ചൊല്ലണം:

سَبْحَانَ الَّذِي مَنْ لا يَنَامُ وَلاَ يَسْهُوا സുബ്ഹാനല്ലദീ മൻലാ യനാമു വലാ യസ്ഹൂ

(ഉറക്കമോ മയക്കമോ ബാധിക്കാത്തവൻ പരിശുദ്ധൻ.)

## നമസ്കാരത്തിന്റെ നിബന്ധനകൾ

ഒരാളുടെ നമസ്കാരം ശരിയാകാൻ അയാൾ ചില ശർത്വുകൾ (നിബന്ധനകൾ) പാലിക്കേണ്ടതുണ്ട്. അവയുടെ അഭാവത്തിൽ നമസ്കാരം സാധുവാകുകയില്ല. അവ താഴെ ചേർക്കുന്നു.

*1. മുസ്ലിം ആയിരിക്കൽ.*

കാഫിറിൻെറ നമസ്കാരം ശരിയാവുകയില്ല. അവൻെറ പ്രവർത്തനങ്ങൾ നിഷ്ഫലമാകുന്നു.

*2. ബുദ്ധിസ്ഥിരതയുണ്ടാകൽ.*

ഭ്രാന്തൻെറ നമസ്കാരം സ്വീകാര്യമല്ല. അവന് മതശാസനകൾ ബാധകമല്ല. കാരണം, അവൻെറ കർമങ്ങൾ രേഖപ്പെടുത്തപ്പെടുകയില്ല.

*3. വിവേകം ഉണ്ടാകൽ.*

കുട്ടികളുടെ നമസ്കാരം സാധുവാകുകയില്ല. ഏഴ് വയസ്സായാൽ അവരെ അതിന് നിർബന്ധിച്ചു തുടങ്ങാവുന്നതാണ്.

*4. ചെറുതോ വലുതോ ആയ അശുദ്ധി ഇല്ലാതിരിക്കൽ.*

ഏതെങ്കിലും വിധത്തിലുള്ള അശുദ്ധിയുണ്ടായാൽ അത് സാധ്യമാകും വിധം ശുദ്ധീകരിക്കുക. കാരണം, അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയാണ് നമസ്കാരം. അതിന് എല്ലാ തരത്തിലുമുള്ള വൃത്തി ആവശ്യമാണ്.

*5. ശരീരം, വസ്ത്രം, നമസ്കരിക്കുന്ന സ്ഥലം എന്നിവ ശുദ്ധിയുള്ളതായിരിക്കൽ.*

ഇതും നേരത്തെ പറഞ്ഞ ഗണത്തിൽ പെടുന്നതാണ്. വസ്ത്രത്തിൽ രക്തം, ആർത്തവ രക്തം, ഇന്ദ്രിയം, മാലിന്യങ്ങൾ എന്നിവ ആയാൽ അവ കഴുകിക്കളയണം. എന്നാൽ

ഇന്ദ്രിയവും ആർത്തവരക്തവും ഉണങ്ങിയതാണെങ്കിൽ അവ തിരുമ്മിക്കളഞ്ഞാലും മതിയാകുന്നതാണ്.

*6. നഗ്നത മറയ്ക്കൽ.*

തൊലിയുടെ നിറം വ്യക്തമാകാത്ത രീതിയിലുള്ള വസ്ത്രംകൊണ്ട് നഗ്നത മറയ്ക്കണം. സ്ത്രീ മുൻകൈയും മുഖവും ഒഴികെയുള്ള ഭാഗവും പുരുഷൻ കാൽമുട്ടിൻെറയും പൊക്കിളിൻെറയും ഇടയിലുള്ള ഭാഗവും നിർബന്ധമായും മറച്ചിരിക്കണം.

*7. നമസ്കാരത്തിന് സമയമാകൽ.*

ഓരോ നമസ്കാരത്തിനും അല്ലാഹു ഓരോ സമയം നിശ്ചയിച്ചിട്ടുണ്ട്. അത് അല്ലാഹു പ്രവാചകനെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ സമയങ്ങൾ പാലിച്ചുകൊണ്ടാണ് നമസ്കാരം നിർവഹിക്കേണ്ടത്. ആ സമയത്തല്ലാത്ത നമസ്കാരം ശരിയാവുകയില്ല. (അഞ്ചുനേരത്തെ നമസ്കാരം എന്ന തലക്കെട്ട് കാണുക.)

*8. ഖിബ്ലയെ അഭിമുഖീകരിക്കൽ.*

ഖിബ്ലയെ അഭിമുഖീകരിച്ചാണ് നമസ്കരിക്കേണ്ടത്. ദിക്ക് അറിയാൻ ഒരു സാധ്യതയുമില്ലാത്ത വിധം അപരിചിത സ്ഥലത്ത് ഇരുട്ടിൽ അകപ്പെടുക, ഖിബ്ലയുടെ ഭാഗം നിർണയിക്കാനാകാത്ത വിധം അന്യനാടുകളിലാവുക തുടങ്ങിയ ഘട്ടങ്ങളിൽ സാധ്യമല്ലെങ്കിൽ ഏകദേശ ധാരണവെച്ച് നമസ്കരിക്കാവുന്നതാണ്. യാത്രയിലെ നമസ്കാരമാണെങ്കിൽ കഴിവതും ഖിബ്ലക്കഭിമുഖമായി തുടങ്ങാൻ ശ്രമിക്കണം.

*9. നില്ക്കൽ.*

കഴിവുള്ളവർ നിന്നുതന്നെ നമസ്കരിക്കണം.

*10. നിയ്യത്ത്.*

പ്രവർത്തനങ്ങൾ നിയ്യത്തുകൾക്കനുസൃതമായാണ്. അതിനനുസരിച്ചാണ് പ്രതിഫലം നല്കപ്പെടുക. ഉദ്ദേശ്യം തെറ്റിയാൽ കർമവും തെറ്റി. ഞാൻ നമസ്കാരം മുറിച്ചു എന്ന് കരുതിയാൽ നമസ്കാരം മുറിയും. നിയ്യത്ത് പ്രധാനപ്പെട്ട ഒരു ഘടകമാകുന്നു.

## നമസ്കാരത്തിന്റെ സുന്നത്തുകൾ

വാജിബുകളെപ്പോലെ ചില ഐഛിക കാര്യങ്ങളും നമസ്കാരത്തിൽ പാലിക്കുമ്പോഴാണ് അത് പൂർത്തിയാവുക. അവ താഴെ വിവരിക്കുന്നു.

1. തക്ബീറതുൽ ഇഹ്റാമിനു ശേഷമുള്ള പ്രാരംഭ പ്രാർഥന.
2. നിറുത്തത്തിൽ വലുത കൈ ഇടതു കൈക്കു മുകളിൽ വെക്കൽ.
3. റുകൂഇലേക്ക് പോകൽ, റുകൂഇൽനിന്ന് ഉയരൽ, തശഹ്ഹുദിനു ശേഷമുള്ള ഉയരൽ എന്നീ സന്ദർഭങ്ങളിൽ കൈകൾ രണ്ടും ചുമൽ വരെ ഉയർത്തൽ.
4. റുകൂഅ്, സുജൂദ് എന്നിവയിൽ തസ്ബീഹുകൾ ഒന്നിലധികം തവണ ചൊല്ലൽ.
5. രണ്ട് സുജൂദുകൾക്കിടയിൽ ഇരുത്തത്തിൽ പ്രാർഥന ഒന്നിലധികം ചൊല്ലൽ.
6. റുകൂഇൽ മുതുകിന് സമമായി തലയാക്കുക.
7. സുജൂദിൽ കൈകൾ അകറ്റിവെക്കൽ.
8. സുജൂദിൽ മുഴുകൈ നിലത്ത് താഴ്ത്തിവെക്കാതിരിക്കുക
9. രണ്ട് സുജൂദുകൾക്കിടയിലും തശഹ്ഹുദിൻെറ ഇരുത്തത്തിലും ഇടതുപാദത്തിൽ ഇരിക്കുകയും വലതു കാൽ കുത്തിനിറുത്തുകയും ചെയ്യൽ.
10. അവസാനത്തെ അത്തഹിയ്യാതിൽ ഇടത് കാൽ വലതുകാലിനടിയിലൂടെ നീട്ടി നിലത്ത് ഇരിക്കുക.
11. ഒന്നാമത്തെ അത്തഹിയ്യാതിൽ നബിയുടെയും കുടുംബത്തിൻെറയും പേരിൽ സലാം ചൊല്ലൽ.
12. അവസാനത്തെ അത്തഹിയ്യാതിൽ പ്രാർഥിക്കൽ.
13. ഫജ്റിലും ഇശാ, മഗ്രിബ്, എന്നീ നമസ്കാരങ്ങളിലെ ആദ്യത്തെ രണ്ട് റക്അത്തുകളിലും ഖുർആൻ ഉച്ചത്തിൽ ഓതുക.
14. ളുഹ്ർ, അസ്വ്ർ, എന്നീ നമസ്കാരങ്ങളിലും മഗ്രിബിൻെറ മൂന്നാമത്തെ റക്അത്തിലും ഖുർആൻ ശബ്ദമില്ലാതെ ഓതുക.

15. ഫാതിഹക്കു പുറമെ മറ്റു സൂറതുകൾ ഓതുക.

## നമസ്കാരം മുറിക്കുന്ന കാര്യങ്ങൾ

താഴെ പറയുന്ന കാര്യങ്ങൾ നമസ്കാരത്തെ ദുർബലപ്പെടുത്തും.

- ☞ ഖിബ്‌ലയിൽനിന്നും പൂർണമായും തെറ്റുക. യാത്രകളിൽ ഇതിൽ ഇളവുണ്ട്.
- ☞ കുളി, വുളു എന്നിവ ഏതെങ്കിലും ഒന്ന് അനിവാര്യമാകുന്ന കാര്യങ്ങൾ സംഭവിക്കുക.
- ☞ അനാവശ്യമായും മനപ്പൂർവമായും കൈകാലുകൾ ഇളക്കുക.
- ☞ പൊട്ടിച്ചിരിക്കുക.
- ☞ നമസ്കാരത്തിൻെറ മുഖ്യഘടകങ്ങളോ(റുക്നുകൾ) നിർബന്ധകാര്യങ്ങളോ (വാജിബ് )നിബന്ധനകളോ (ശർത്വ്) മനപ്പൂർവം ഉപേക്ഷിക്കുക.
- ☞ ഇമാമിനെ മുൻകടന്ന് പ്രവർത്തിക്കുക.
- ☞ തിന്നുകയോ കുടിക്കുകയോ ചെയ്യുക
- ☞ ഇടയ്ക്കു വെച്ച് നമസ്കാരം മുറിച്ചെന്ന് കരുതുകയോ വേണ്ടെന്ന് വെക്കുകയോ ചെയ്യുക.
- ☞ മനപ്പൂർവം സംസാരിക്കുക.
- ☞ നമസ്കാരത്തിൽ ഇല്ലാത്ത കാര്യങ്ങൾ പുതുതായി കൂട്ടിച്ചേർത്ത് ചെയ്യുക.

ഇത്തരം കാര്യങ്ങളാൽ നമസ്കാരം ദുർബലപ്പെടും. എന്നാൽ ചില കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അവ ചെയ്താൽ നമസ്കാരം മുറിയുകയില്ലെങ്കിലും അവ ഒഴിവാക്കേണ്ടതാണ്. അവയിൽ ചിലത് താഴെ:

ശരീരഭാഗം ഇളക്കുക. ആവശ്യമില്ലാതെ തെണ്ടയനക്കുക, കണ്ണ് മേല്പോട്ടുയർത്തുക, തിരിഞ്ഞുനോക്കുക, ചിരിക്കുക, ഒറ്റക്കാലിൽ നില്ക്കുക, ചാരിനില്ക്കുക, ഊരയിൽ കൈവെച്ച് നില്ക്കുക എന്നിവയാണവ.

## നമസ്കാര ശേഷം

നമസ്കാരം കഴിഞ്ഞാൽ താഴെ പറയുന്ന ദിക്റുകൾ ചൊല്ലൽ സുന്നതാകുന്നു.

أستغفر الله എന്നു മൂന്നു തവണ ചൊല്ലിയതിനുശേഷം താഴെ ചേർത്ത ദിക്ർ ചൊല്ലുക.

اللَّهُمَّ أَنْتَ السَّلَام وَمِنْكَ السَّلَام تَبَارَكْتَ رَبَّنَا وَتَعَالَيْتَ يَاذَاالجَلَالِ وَالإِكْرَام لااله الاالله، وَحْدَهُ لَا شَرِيكَ لَهُ لَهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلَى كُلِّ شَيء قَدِير، اللَّهُمَّ لَا مَانِعَ لِمَا أَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ وَلَا يَنْفَعُ ذَا الجَدُّ مِنْكَ الجَدّ

അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാറക്ത റബ്ബനാ വതആലൈത യാദൽ ജലാലി വൽഇക്റാം. ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹുദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്ത്വയ്ത വാല മുഅ്ത്വിയ ലിമാ മനഅ്ത വലാ യൻഫഉ ദൽജദ്ദു മിൻകൽജദ്ദ്.

തുടർന്ന് ആയതുൽ കുർസിയ്യ് പാരായണം ചെയ്യുക. തുടർന്ന് മുപ്പത്തിമൂന്ന് വീതം സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ എന്നീ ദിക്റുകൾ ചൊല്ലുക. തുടർന്ന് ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു ലഹുൽമുൽകു വലഹുൽ ഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ എന്ന് ഒരു പ്രാവശ്യം ചൊല്ലുക. തുടർന്ന് പ്രാർഥിക്കുക.

## സുന്നത്ത്നമസ്കാരം (റവാതിബ്)

അഞ്ച് നിർബന്ധ നമസ്കാരങ്ങൾക്കു പുറമെ അവയോടനുബന്ധിച്ച് ഐഛിക നമസ്കാരങ്ങളും നിർവഹിക്കൽ പുണ്യമുള്ള കാര്യമാണ്. നിർബന്ധ നമസ്കാരങ്ങളിൽ സംഭവിച്ച ന്യൂനത ഈ സുന്നതുനമസ്കാരങ്ങൾ ദൂരീകരിക്കുന്നതാണ്.

നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും മുമ്പുമായി ചെയ്യേണ്ട സുന്നത് നമസ് കാരങ്ങളെ റവാത്തിബ് എന്നു പറയുന്നു. അവ താഴെ ചേർക്കുന്നു.

| ളുഹ്ർ | | അസ്വ്ർ | | മഗ്രിബ് | | ഇശാ | | ഫജ്ർ | |
|---|---|---|---|---|---|---|---|---|---|
| മുമ്പ് | ശേഷം | മുമ്പ് | ശേഷം | മുമ്പ് | ശേഷം | മുമ്പ് | ശേഷം | മുമ്പ് | ശേഷം |
| 2 | 2 | | | | 2 | | 2 | 2 | |
| കൂടുതൽ ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് | | | | | | | | | |
| 4 | 4 | 4 | | | | 2 | | | |

## ജംഅ് – ഖസ്റ്

ളുഹ്റും അസ്വ്റും തമ്മിലും മഗ്രിബും ഇശാഉം തമ്മിലും കൂട്ടി ഒരു സമയത്ത് നമസ്കരിക്കുന്നതിന് ജംഅ് (കൂട്ടിച്ചേർക്കൽ) എന്നു പറയുന്നു. രോഗികൾക്കും യാത്രക്കാർക്കും അനുവദിച്ച ആനുകൂല്യ മാണിത്.

നാല് റക്അത്തുള്ള നമസ്കാരങ്ങളെ രണ്ടാക്കി നമസ്കരിക്കുന്നതിനെ ഖസ്റ് (ചുരുക്കൽ) എന്നുപറയുന്നു. എന്നാൽ ഇത് യാത്രക്കാർക്ക് മാത്രമുള്ള ആനുകൂല്യമാണ്. അവർ സ്വന്തം ദേശാതിർത്തി വിട്ടുകടന്നതിന് ശേഷമാണ് ഖസ്റായി നമസ്കരിക്കേണ്ടത്. യാത്ര കഴിഞ്ഞു തിരിച്ചെത്തുന്നതുവരെ അവർക്ക് ജംഉം ഖസ്റുമാക്കി നമസ്കരിക്കാം. യാത്രയിൽ പൂർത്തീകരിച്ചു നമസ്കരിക്കാവതല്ല. അത് അല്ലാഹു നല്കിയ ഇളവാകുന്നു. ആ ഇളവ് ഉപയോഗപ്പെടുത്തുക തന്നെ വേണം.

ജംഅ് ആയി നമസ്കരിക്കുമ്പോൾ ബാങ്കും ഇഖാമത്തും കൊടുത്ത് ആദ്യ വഖ്തിലെ നമസ്കാരം നിർവഹിക്കുക. അതിനുശേഷം ഇഖാമത്ത് മാത്രം കൊടുത്ത് രണ്ടാമത്തെതും നമസ്കരിക്കുക.

ഫജ്ർനമസ്കാരത്തിന് ജംഉം ഖസ്റും ഇല്ല. അത് സമയത്തു തന്നെ നിർവഹിക്കണം.

## വുദു

നമസ്കാരം സ്വീകാര്യമാകാൻ അംഗശുദ്ധി നിർബന്ധമാണ്. അതില്ലാതെ നമസ്കാരം സ്വീകാര്യമല്ല.

അംഗശുദ്ധിയുടെ രൂപം താഴെ വിവരിക്കുന്നു:

- വുളു എടുക്കുന്നു എന്ന് മനസ്സിൽ കരുതി വേണം ശുദ്ധി തുടങ്ങുവാൻ.
- ബിസ്മി ചൊല്ലുക.
- രണ്ട് കൈപ്പടങ്ങളും ആദ്യം വലതും പിന്നെ ഇടതുമായി മൂന്നു തവണ കഴുകുക.
- വായിൽ വെള്ളമെടുത്തു കൊപ്ളിക്കുകയും മൂക്കിൽ അല്പം കയറ്റി ചീറ്റുകയും ചെയ്യുക. മൂന്നു തവണ ചെയ്യുക.
- മുഖം മുഴുവൻ മൂന്ന് തവണ കഴുകുക. താടിയുള്ളവർ അതിനകത്തേക്കും വെള്ളം പ്രവേശിപ്പിക്കണം.
- കൈമുട്ടുകൾ വരെ ഇരുകൈകളും ആദ്യം വലതും പിന്നെ ഇടതും മൂന്ന് തവണ കഴുകുക.
- ഇരുകൈകൾ കൊണ്ടും തല മുഴുവൻ ഒരു തവണ തടവുക. മുൻവശത്തുനിന്നും പിരടിയിലേക്കും അവിടെനിന്ന് മുന്നോട്ടും തടവണം. അതോടൊപ്പം ഇരു ചെവിക

ളും ഒരു തവണ തടവുക. ചൂണ്ടുവിരൽ ചെവിക്കകത്തും പെരുവിരൽ ചെവിയുടെ പുറഭാഗത്തുമായാണ് തടവേണ്ടത്.

- ❖ ഇരു കാലുകളും നെരിയാണിയുൾപ്പെടെ ആദ്യം വലതും പിന്നെ ഇടതും മൂന്നദ തവണ കഴുകുക. ഈ ക്രമം ഒരിക്കലും തെറ്റരുത്.

## വുദു മുറിയുന്ന കാര്യങ്ങൾ

താഴെ പറയുന്ന കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് സംഭവിച്ചാൽ വുളു മുറിയുന്നതാണ്.

1. മലമൂത്ര വിസർജന ദ്വാരങ്ങളിലൂടെ വല്ലതും പുറപ്പെടൽ.
2. ഉറക്കം, ബോധക്ഷയം, ലഹരിബാധ, ബുദ്ധിഭ്രമം എന്നിവയാൽ സ്വബോധം നഷ്ടപ്പെടുക.
3. ഉള്ളംകൈ കൊണ്ട് ഗുഹ്യാവയവങ്ങൾ സ്പർശിക്കുക.
4. സംയോഗം ചെയ്യുക
5. ഒട്ടകമാംസം ഭക്ഷിക്കുക.

മദ്‌യ് (മഥനജലം) പുറപ്പെട്ടാലും വുളു മുറിയും. ഇരുന്നുകൊണ്ട് അല്പനേരം ഒന്ന് മയങ്ങിപ്പോയെങ്കിൽ അതുമൂലം വുളു മുറിയുകയില്ല. ഭാര്യമാരെ സ്പർശിച്ചാൽ വുളു മുറിയും എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വുളു ഇല്ലാതെ നമസ്കരിക്കാനോ ത്വവാഫ് ചെയ്യുവാനോ പാടില്ല. ഖുർആൻ പാരായണത്തിന് ഏറെ അഭികാമ്യമാണ് വുളു.

## മയ്യിത്ത് സംസ്കരണം

ഏറെ പുണ്യമുള്ള കാര്യമാണ്‌മയ്യിത്ത് പരിപാലനം. മുസ്‌ലിംകൾ പരസ്പരമുള്ള ബാധ്യതകളെ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ മയ്യിത്ത് സംസ്കരണത്തെയും നബി(സ) പറഞ്ഞതായി കാണാം. മയ്യിത്തിനെ അനുഗമിക്കൽ, നമസ്കരിക്കൽ, മറമാടൽ തുടങ്ങിയവ ഏറെ പ്രതിഫലമുള്ളതായി പ്രവാചകൻ പഠിപ്പിച്ചു. അങ്ങനെ ചെയ്യുന്ന ഒരാൾക്ക് രണ്ട് ഖിറാത്ത് പ്രതിഫലമുണ്ടെന്നാണ് അവിടന്ന് പഠിപ്പിച്ചത്. ഉഹുദ് മലയോളം വരും ഒരു ഖിറാത്തെന്ന് അവിടന്ന് കൂട്ടിച്ചേർക്കുകയുണ്ടായി. മയ്യിത്ത് സംസ്കരണത്തിന് സ്വന്തക്കാർ തന്നെയാണ് മുൻകൈയെടുക്കേണ്ടത്.

### പരിപാലനം

1. ഒരാളുടെ മരണം സംഭവിച്ചാൽ അയാളുടെ കണ്ണുകൾ അടയ്ക്കുക, താടി കെട്ടുക.
2. കുളിപ്പിക്കുക.

#### കുളിപ്പിക്കൽ

മരിച്ചത് ആണോ പെണ്ണോ കുട്ടിയോ വൃദ്ധനോ ആരുമാകട്ടെ അവരെ കുളിപ്പിക്കൽ നിർബന്ധമാണ്. കുളിയുടെ രൂപം താഴെ ചേർക്കുന്നു:

1. മയ്യിത്തിൻെറ നഗ്നത മറയ്ക്കുക.
2. മയ്യിത്തിനെ ഭാഗം അല്പം ഉയർത്തിവെച്ച് വയറ്റത്ത് ലോലമായി തടവുക. ഖുളിപ്പിക്കുന്നവൻ കൈയിൽ ശീലയോ മറ്റോ കെട്ടുന്നത് നല്ലതാണ്.
3. ശൗച്യം ചെയ്തുകൊടുക്കുക.
4. നമസ്കാരത്തിനെന്ന പോലെ വുദു ഉണ്ടാക്കുക.
5. തല, താടി എന്നിവ വെള്ളവും താളിയും ഉപയോഗിച്ചു കഴുകുക.
6. വലതു വശവും തുടർന്ന് ഇടതുവശവും കഴുകുക. മൂന്ന് പ്രാവശ്യം ഇങ്ങനെ കഴുകണം. ഓരോ തവണയും കൈ വയറ്റത്തു കൂടി നടത്തണം. അപ്പോൾ വല്ലതും പുറത്തുവന്നാൽ ശുദ്ധീകരിച്ചു വുളു പുതുക്കണം. പിൻദ്വാരം പരുത്തി

പോലുള്ള വസ്തുക്കൾ കൊണ്ട് അടയ്ക്കുക. വീണ്ടും വല്ലതും പുറപ്പെട്ടിട്ടുണ്ടെങ്കിൽ ശുദ്ധീകരിച്ചു വീണ്ടും വുദു ചെയ്യിക്കുക.

7. മൂന്ന് പ്രാവശ്യം കൊണ്ടും കുളി ശുദ്ധിയായില്ലെങ്കിൽ അഞ്ച്, ഏഴ് തവണ കുളിപ്പിക്കാം.
8. വസ്ത്രം കൊണ്ട് തുടക്കുക
9. സുജൂദിൻെറ സ്ഥാനത്തും ഗുഹ്യസ്ഥാനത്തും കക്ഷത്തിലും സുഗന്ധം പുരട്ടുക. ശരീരം മുഴുവൻ പുരട്ടുന്നത് നല്ലതാണ്.
10. കഫൻ പുടവയിൽ സുഗന്ധം പുകപ്പിക്കണം.
11. മീശ, നഖം എന്നിവ വലുതാണെങ്കിൽ വെട്ടിക്കളയണം. മുടി ചീകേണ്ടതില്ല.
12. സ്ത്രീയുടെ മുടി മൂന്നായി ഭാഗിച്ച് പിൻഭാഗത്തേക്കിടുക.

പുരുഷനാണ് കുളിപ്പിക്കേണ്ടത്. എന്നാൽ ഭർത്താവിന് ഭാര്യയെ കുളിപ്പിക്കാം. സ്ത്രീയെ സ്ത്രീ തന്നെയാണ് കുളിപ്പിക്കേണ്ടത്. ഭാര്യക്ക് ഭർത്താവിനെ കുളിപ്പിക്കാം.

## കഫൻ ചെയ്യൽ

പുരുഷനെ മൂന്ന് വെള്ള തുണിയിൽ കഫൻ ചെയ്യലാണ് ഏറ്റവും ഉത്തമം. കുപ്പായം, തലപ്പാവ് എന്നിവയില്ല. തുണികൾ ഒന്ന് ഒന്നിൻെറ മീതെയായി ചുറ്റണം. സ്ത്രീയെ അഞ്ച് വസ്ത്രങ്ങളിലാണ് കഫൻ ചെയ്യേണ്ടത്. ഒരു നമസ്കാരക്കുപ്പായം, മക്കന, തുണി, ചുറ്റാനുള്ള രണ്ട് തുണികൾ എന്നിവയാണവ.

ആൺകുട്ടിയെ ഒന്നുമുതൽ മൂന്നുവരെ തുണികളിൽ കഫൻ ചെയ്യാം. പെൺകുട്ടിയാണെങ്കിൽ ഒരു കപ്പായവും ചുറ്റാനുള്ള രണ്ട് തുണികളും.

## നമസ്കാരം

മരിച്ചയാളുടെ മയ്യിത്ത് മുമ്പിൽ വെച്ച് ജീവിച്ചിരിക്കുന്നവർ ചെയ്യുന്ന നമസ്കാരത്തിനാണ് മയ്യിത്ത് നമസ്കാരം എന്നുപറയുന്നത്. ഇത് മയ്യിത്തിനോടുള്ള ബധ്യതയാണ്. ഏറെ പുണ്യമുള്ള കാര്യവുമാണ്. ഇതിൽ റുകൂഅ്, സുജൂദ് എന്നിവയില്ല. നാല് തക്ബീറുകളാണ് അതിനുള്ളത്. മയ്യിത്തിനെ കുളിപ്പിച്ച് കഫൻ ചെയ്തശേഷം ഏറ്റവും അടുത്ത ബന്ധു ഇമാമായി നില്ക്കുകയും ബാക്കിയുള്ളവർ പിന്നിൽ അണിനിരന്നുമാണ് ഇത് നിർവഹിക്കുക.

മയ്യിത്തിനെ ഖിബ്‌ലയുടെ ഭാഗത്തേക്ക് തിരിച്ചു കിടത്തണം. മയ്യിത്ത് സ്ത്രീയുടെതാണെങ്കിൽ ഇമാം അതിൻെറ മധ്യഭാഗത്താണ് നില്ക്കേണ്ടത്. പുരുഷൻെറതാണെങ്കിൽ തലയുടെ ഭാഗത്തും നില്ക്കണം. ധാരാളം മയ്യിത്തുകളുണ്ടെങ്കിൽ എല്ലാറ്റിനും കൂടി ഒറ്റതവണ നമസ്കരിച്ചാൽ മതി. ജനങ്ങൾ ഇമാമിൻെറ പിന്നിൽ മൂന്നോ അതിൽ കൂടുതലോ അണികളായി നില്ക്കണം. ഒരാൾ മാത്രമേ നമസ്കാരിക്കാനുള്ളൂവെങ്കിൽ അയാൾ തനിച്ച് നമസ്കരിക്കണം.

| പുരുഷൻെറ മയ്യിത്ത് - ഇമാം നില്ക്കേണ്ട സ്ഥാനം | സ്ത്രീയുടെ മയ്യിത്ത് - ഇമാം നില്ക്കേണ്ട സ്ഥാനം |
|---|---|
|  |  |

## നമസ്കാരത്തിന്റെ രൂപം

മയ്യിത്തിന് നാല് തക്ബീറുകളാണുള്ളതെന്ന് സൂചിപ്പിക്കുകയുണ്ടായി. മയ്യിത്തിൻെറ ഗുണത്തിനായി ഞാൻ നമസ്കരിക്കുന്നു എന്ന് നിയ്യത്ത് വെച്ച് തക്ബീർ ചൊല്ലി കൈ ഉയർത്തിക്കെട്ടുക. ശേഷം ഫാതിഹ ഓതുക. അതുകഴിഞ്ഞാൽ രണ്ടാമതും തക്ബീർ ചൊല്ലി കൈ ഉയർത്തിക്കെട്ടുക. അതിൽ നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലുക. അത്തഹിയ്യാത്തിലുള്ളതുപോലെ മുഴുവൻ ചൊല്ലണം. അത് കഴിഞ്ഞാൽ മൂന്നാമതും തക്ബീർ ചൊല്ലി കൈ ഉയർത്തിക്കെട്ടുക. അതിൽ മയ്യിത്തിൻെറ ഗുണത്തിനായി പ്രാർഥിക്കുക. അതിൻെറ രൂപം ഇങ്ങനെ:

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَاعَافِهِ وَاعْفُ عَنْهُ وَأَكْرِمْ نُزُلَهُ وَوَسِّعْ مَدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلاً خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَقِهِ فِتْنَةَ الْقَبْرِ وَعَذَابِ النَّارِ

*അല്ലാഹുമ്മഗ്ഫിർ ലഹു വർഹംഹു വആഫിഹി വഅ്ഫുഅൻഹു വഅക്രിം നുസുലഹു വവസ്സിഅ് മദ്ഖലഹു വഅഗ്സിൽഹു ബിൽമാഇ വഥൽജി വൽബർദി വനഖിഹി മിനൽ ഖത്വായാ കമാ യുനഖഥൗബുൽ അബ്യദു മിനദ്ദനസി വഅബ്ദിൽഹു ദാറൻ ഖൈറൻ മിൻ ദാരിഹി വഅഹ്ലൻ ഖൈറൻ മിൻ അഹ്ലിഹി വസൗജൻ ഖൈറൻ മിൻ സൗജിഹി വഅദ്ഖിൽഹുൽ ജന്നത വഖിഹി ഫിത്നതൽ ഖബ്രി വഅദാബിന്നാരി.*

(അല്ലാഹുവേ, ഈ മയ്യിത്തിനു നീ പൊറുത്തുകൊടുക്കുകയും അദ്ദേഹത്തോട് കരുണ കാണിക്കുകയും അദ്ദേഹത്തിന് മാപ്പു നല്കുകയും ചെയ്യേണമേ. അദ്ദേഹത്തിൻെറ ആതിഥ്യത്തെ ആദരിക്കുകയും അദ്ദേഹത്തിൻെറ പ്രവേശനമാർഗം വിശാലമാക്കുകയും ചെയ്യേണമെ. വെള്ളം, മഞ്ഞ്, ആലിപ്പഴം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകുകയും ശുഭ്രവസ്ത്രം അഴുക്കിൽനിന്ന് ശുദ്ധിയാക്കുന്നതുപോലെ പാപങ്ങളിൽനിന്ന് അദ്ദേഹത്തെ ശുദ്ധമാക്കുകയും ചെയ്യേണമേ. അദ്ദേഹത്തിന് തൻെറ വീടിനെക്കാൾ ഉത്തമമായ ഭവനവും കുടുംബത്തെക്കാൾ ഉത്തമ കുടുംബത്തെയും ഇണയെക്കാൾ ഉത്തമ ഇണയെയും നീ നല്കേണമേ. ഖബ്റിലെ പരീക്ഷണങ്ങളിൽനിന്നും നരകശിക്ഷയിൽ നിന്നും അദ്ദേഹത്തെ നീ രക്ഷിക്കുകയും ചെയ്യേണമേ.)

വേറെയും പ്രാർഥനകളും ചൊല്ലാവുന്നതാണ്.

നാലാമത്തെ തവണ തക്ബീർ ചൊല്ലി കൈ ഉയർത്തിക്കെട്ടിയതിനുശേഷം വലതു വശത്തേക്ക് സലാം വീട്ടുക.

മയ്യിത്ത് കുട്ടിയുടെതാണെങ്കിൽ ഇങ്ങനെ ചൊല്ലണം:

*അല്ലാഹുമ്മജ്അൽഹു ഫറത്വൻ വദുഖ്റൻ ലിവാലിദൈഹി. വശഫീഅൻ മുജാബൻ, അല്ലാഹുമ്മ ഥഖിൽ ബിഹീ മവാസീനഹുമാ, വഅഅ്ളിം ബിഹീ ഉജൂറഹുമാ, വഅൽഖിഹി ബിസ്സ്വാലിഹി സലഫിൽമുഅ്മിനീൻ, വജ്അൽഹു ഫീ കഫാലതി ഇബ്റാഹീമ അലൈഹിസ്സലാം. വഖിഹി ബിറഹ്മതിക അദാബൽ ജഹീം.*

## മറമാടൽ

മയ്യിത്ത് മറമാടൽ നിർബന്ധമാകുന്നു. ഖബ്റിൽ വലത് ഭാഗം കൊള്ളെ ഖിബ്ലയുടെ ഭാഗത്തേക്ക് തിരിച്ചുകിടത്തണം.

ഖബ്ർ മൂടിയാൽ ഭൂമിയിൽനിന്ന് അധികം ഉയർന്നുനില്ക്കരുത്. ഖബ്റിന്മേൽ കുമ്മായമിടരുത്. എടുപ്പുകൾ കെട്ടരുത്. അവിടെ ഇരിക്കുകയും അരുത്. അവിടെയിരുന്ന് അലമുറ കൂട്ടുകയും ചെയ്യരുത്.

വളരെ സംക്ഷിപ്ത വിവരണമാണിവിടെയുള്ളത്. കൂടുതൽ പഠിക്കാനുള്ള ഗ്രന്ഥങ്ങൾ ശേഖരിച്ചു പഠിക്കാൻ അവസരം കണ്ടെത്തണം.

jthrees@hotmail.com